## പന്തപ്ലാക്കൽ കുടുംബയോഗം

# മൂന്നാം വാർഷിക സമ്മേളനം

**11-12-2004 ശനിയാഴ്ച**

രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ

**ഓടംതോട് (മണത്തണ – പേരാവൂർ)**

**പന്തപ്ലാക്കൽ ജോസഫിന്റെ (കുഞ്ഞൂട്ടി)**

**ഭവനത്തിൽ**

To

Sri. ..........................................................

..........................................................

..........................................................

പ്രിയ കുടുംബാംഗങ്ങളെ,

നമ്മുടെ കുടുംബ കൂട്ടായ്മയുടെ മൂന്നാം വാർഷിക സമ്മേളനം 11-12-04 ന് ശനിയാഴ്ച രാവിലെ 9 മുതൽ വിപുലമായ പരിപാടികളോടെ കണ്ണൂർ ജില്ലയുടെ കിഴക്കൻ മലയോര കുടിയേറ്റ കേന്ദ്രമായ ഓടംതോട് (പേരാവൂർ-മണത്തണ) പന്തപ്ലാക്കൽ ശ്രീ. ജോസഫിന്റെ (കുഞ്ഞൂട്ടി) ഭവനത്തിൽ വെച്ച് നടക്കുകയാണ്. ഒന്നാം സമ്മേളനത്തിലും രണ്ടാം സമ്മേളനത്തിലും നമുക്ക് ലഭിച്ച അനുഭവങ്ങളുടേയും ഐക്യത്തിന്റെയും വെളിച്ചത്തിൽ കൂടുതൽ കരുത്തും ഊർജ്ജവും നേടിക്കൊണ്ട് വർദ്ധിച്ച ആത്മവിശ്വാസത്തോടെ മൂന്നാം സമ്മേളനം സംഘടിപ്പിക്കുകയാണ്. വിവിധ പ്രദേശങ്ങളിൽ ചിന്നിച്ചിതറികിടക്കുന്ന പുരാതനമായ നമ്മുടെ കുടുംബത്തിന്റെ കണ്ണികളെ ഐക്യത്തിന്റെ ചരടിൽ കൂട്ടിയോജിപ്പിക്കുന്ന ഈ സംരംഭത്തിൽ പാവനമായ നമ്മുടെ പാരമ്പര്യത്തെയും പൈതൃകത്തെയും ആദരിക്കുന്ന എല്ലാ കുടുംബാംഗങ്ങളേയും നമുക്ക് ഒന്നിച്ച് ചേർക്കണം. ആശങ്കയോടെയാണ് തുടങ്ങിയതെങ്കിലും ഒന്നും രണ്ടും സമ്മേളന ങ്ങൾ പ്രതീക്ഷിച്ചതിലും വിജയിപ്പിക്കുവാൻ കഴിഞ്ഞ കാര്യം അഭിമാനപൂർവ്വം സ്മരിക്കുകയാണ്. വളരെ അടുത്ത രക്തബന്ധത്തിൽപ്പെട്ടവരാണെങ്കിലും ജീവിതത്തിൽ ആദ്യമായി ഒന്നിച്ച് ചേരുമ്പോഴുണ്ടാകുന്ന വികാരം-വിചാരങ്ങൾ നാം കഴിഞ്ഞ സമ്മേളനത്തിൽ അനുഭവിച്ചതാണ്. അതുകൊണ്ട് കുടുംബത്തിന്റെ ഐക്യവേദിയിലേക്കും മുഖ്യധാരയിലേക്കും മുഴുവൻ കുടുംബാംഗങ്ങളേയും ഒന്നിച്ച് ചേർക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മൂന്നാം വാർഷിക സമ്മേളനം വിജയപ്രദവും പ്രയോജനപ്രദവും ആക്കിത്തീർക്കുവാൻ പന്തപ്ലാക്കൽ കുടുംബത്തിൽ ജനിച്ചവരും വിവാഹബന്ധംകൊണ്ട് ഈ കുടുംബാംഗങ്ങളായവരുമായ ഓരോരുത്തേയും ഹാർദ്ദമായി ക്ഷണിച്ചുകൊണ്ട്

സ്നേഹപൂർവ്വം

പേരാവൂർ
15-11-04

പ്രസിഡണ്ട് - പി.റ്റി. ജോസഫ്
സെക്രട്ടറി - പി. ജെ. ചെറിയാൻ മാസ്റ്റർ
എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ

## പ്രത്യേക നിർദ്ദേശങ്ങൾ

ഈ സമ്മേളനത്തിൽ താഴെപറയുന്നവരെ പൊന്നാടയും സമ്മാനങ്ങളും നൽകി ആദരിക്കുന്നതാണ്.

1) ഏറ്റവും പ്രായംകൂടിയ കുടുംബാംഗം (പുരുഷൻ 1, സ്ത്രീ 1)

2) ഏറ്റവും പ്രായംകൂടിയ ദമ്പതിമാർ

3) ഏറ്റവും ഒടുവിൽ വിവാഹിതരായ ദമ്പതിമാർ

4) ഏറ്റവും ഒടുവിൽ ജനിച്ച കുട്ടി

5) ഏറ്റവും ഒടുവിൽ നടന്ന പൊതുപരീക്ഷയിൽ എസ്. എസ്. എൽ. സി. പരീക്ഷയിൽ 500 മാർക്കിൽ കൂടുതലും പ്ലസ്ടു പരീക്ഷയിൽ 80%-ൽ കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്ക്

6) ജില്ലാ-സംസ്ഥാന-അന്തർദേശീയ തലങ്ങളിൽ കലാ-കായിക-സാഹിത്യ-ഇതരരംഗങ്ങളിൽ എടുത്ത് പറയത്തക്ക സ്ഥാനങ്ങൾ നേടിയിട്ടുള്ള കുട്ടികൾ മുതിർന്നവർ

*(മുകളിൽ പറഞ്ഞ സമ്മാനത്തിന് അർഹതയുള്ളവർ 0490-2448104 - ൽ മുൻകൂട്ടി അറിയിച്ചിരിക്കണം)*

7. ഓരോ പ്രദേശത്തുനിന്നും വരുന്നവർ ഒന്നിച്ച് ചേർന്ന് സ്പെഷ്യൽ വാഹനങ്ങൾ സംഘടിപ്പിച്ച് വരുന്നത് ഉചിതമായിരിക്കും.

8. ഈ സമ്മേളനത്തിന് രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. സമ്മേളനം മണത്തണയിലുള്ള കുടുംബങ്ങൾ സ്പോൺസർ ചെയ്യുന്നതാണ്.

9. ഓരോ കുടുംബവും കുടുംബയോഗത്തിന്റെ മെമ്പർഷിപ്പ് (100 രൂപ) എടുക്കേണ്ടതാണ്.

10. കലാപരിപാടികൾ അവതരിപ്പിക്കുവാൻ താല്പര്യമുള്ളവർ മുൻകൂട്ടി അറിയിച്ചാൽ നന്നായിരുന്നു.

11. ഈ സമ്മേളനത്തിന്റെ ക്ഷണക്കത്ത് ആർക്കെങ്കിലും കിട്ടാതെ വന്നാൽ കത്ത് ലഭിക്കുന്നവർ അങ്ങനെയുള്ളവരേയും ക്ഷണിച്ചുകൊണ്ട് വരുവാൻ അപേക്ഷിക്കുന്നു.

12. കഴിഞ്ഞ തവണ പ്രസിദ്ധീകരിച്ച അഡ്രസ്സ് ബുക്കിൽ വന്ന തെറ്റുകൾ തിരുത്തുവാനും വിട്ടുപോയവ കൂട്ടിച്ചേർക്കുവാനും ആവശ്യമായ ഏർപ്പാടുകൾ ചെയ്യുന്നതാണ്.

13. സമ്മേളനത്തിന് എല്ലാവരും 9 മണിക്ക് മുമ്പ് എത്തിച്ചേരുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

14. ആവശ്യമായ തിരുത്തലിന് അഡ്രസ് ബുക്ക് കൊണ്ടുവരണം.



## പന്തപ്ലാക്കൽ കുടുംബയോഗം ഭാരവാഹികൾ

**രക്ഷാധികാരി**

റവ. ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ., എറണാകുളം

**പ്രസിഡണ്ട്**

(അപ്പച്ചൻ) ജോസഫ് പന്തപ്ലാക്കൽ, പേരാവൂർ

**വൈ. പ്രസിഡണ്ട്**

ഔസേപ്പച്ചൻ പന്തപ്ലാക്കൽ, ആലക്കോട്

**സെക്രട്ടറി**

പി. ജെ. ചെറിയാൻ മാസ്റ്റർ, പേരാവൂർ

**ജോ. സെക്രട്ടറി**

പി. വി. ജോർജ്ജ് പന്തപ്ലാക്കൽ, മണത്തണ

**ട്രഷറർ**

ബേബി പന്തപ്ലാക്കൽ, താമരശ്ശേരി

**എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ**

ജോണി മാത്യു, കുറ്റ്യാടി

ജോണി ജോൺ, ചവറംമുഴി, കുറ്റ്യാടി

ജോസ് പി. റ്റി., മണത്തണ

ഏലിക്കുട്ടി ജോസഫ്, മണത്തണ, പേരാവൂർ

ജോസഫ് പി. വി., ഓടംന്തോട്

ആൻസി സെബാസ്റ്റ്യൻ, തോലമ്പ്ര

പി. എം. മത്തായി , കിഴക്കമ്പലം, ആലുവാ

ടോമി എ. ജെ., വീർപ്പാട്, ഇരിട്ടി

പാപ്പച്ചൻ, കപ്പാട്, കാഞ്ഞിരപ്പള്ളി

മോളി ജോയി, പശുക്കടവ്, കുറ്റ്യാടി

മറിയക്കുട്ടി ടീച്ചർ, കാറ്റുള്ളമല, പേരാമ്പ്ര

**യുവജന വിഭാഗം**

പ്രസിഡണ്ട് : മനോജ് ബേബി, താമരശ്ശേരി

സെക്രട്ടറി : തോമസ് പി. ജെ., പേരാവൂർ

ഈ വർഷം നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയ
പ്പെട്ട കുടുംബാംഗങ്ങൾക്ക് കുടുംബയോഗത്തിന്റെ
പ്രാർത്ഥനാ നിർഭരമായ

## സ്മരണാഞ്ജലി !!



**മറിയാമ്മ ജോസഫ്**
പന്തപ്ലാക്കൽ
വിലങ്ങാട്
വയസ്സ് 90
മരണം 06-11-04



**റോസമ്മ ജോൺ**
പന്തപ്ലാക്കൽ
മരുതോങ്കര - കുറ്റ്യാടി
വയസ്സ് - 90
മരണം 02-06-04



**അബ്രാഹം (അവിരാച്ചൻ)**
പന്തപ്ലാക്കൽ
കൊട്ടിയൂർ
വയസ്സ് - 75
മരണം 07-08-04

*St. Jude* Offset, Thondiyil, Ph : 2444884, Mob : 9447687232